പുരോഗമിക്കുന്നുണ്ട്. ഇതിനുപുറമെ സർവ്വകലാശാല വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവർക്കെതിരെയും സർവ്വകലാശാലയുടെ മൊത്തത്തിലുള്ള പ്രവർത്തനത്തിനെതിരെയും ഉയർന്നുവന്ന പരാതികളിൻമേലും വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(സി, ഡി) മുകളിൽ പറഞ്ഞിരിക്കുന്ന പരാതികളിൽ അന്വേഷണം പൂർത്തിയായിട്ടില്ല.

(ഇ) അന്വേഷണം തീരാത്തതിനാൽ ശിക്ഷാനടപടികളെപ്പറ്റി തീരുമാനമായിട്ടില്ല.

(എഫ്) ചോദ്യം 'B' യിൽ പറഞ്ഞിട്ടുള്ള പരാതികളിലാണ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്.

(ജി) വിജിലൻസ് വിഭാഗമാണ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്.

(എച്ച്) അന്വേഷണം കൃത്യമായി എന്നു തീരുമെന്ന് പറയാൻ കഴിയില്ല.

സാക്ഷരതാ വികസന/തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് ഓണറേറിയം

68 [2376] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയിൽ പ്രവർത്തിക്കുന്ന സാക്ഷരതാ വികസന/തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് ഓണറേറിയം ഇനത്തിൽ കുടിശ്ശിക നൽകുവാൻ ഉണ്ടോ;

(ബി) എങ്കിൽ എത്ര തുക നൽകുവാനുണ്ട്;

(സി) ഈ തുക നൽകുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഉണ്ട്. കുടിശ്ശികയിനത്തിൽ 2.5 കോടി രൂപ നൽകുവാനുണ്ട്.

(സി) കുടിശ്ശിക തീർക്കുന്നതിന് സാക്ഷരതാമിഷൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കുന്നതാണ്.

നെടുവമ്പ്രം ടെക്നിക്കൽ ഹൈസ്കൂളിനെ ടെക്നിക്കൽ ഹയർ സെക്കൻറി സ്കൂളായി ഉയർത്താൻ നടപടി

69 [2377] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര ടെക്നിക്കൽ ഹയർ സെക്കൻറി സ്കൂളുകളുണ്ടെന്നും അവ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ ജില്ലയിലെ നെരുവമ്പ്രം ടെക്നിക്കൽ ഹൈസ്കൂൾ ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂളായി ഉയർത്തുന്നതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻെറ അടിസ്ഥാനത്തിൽ നെരുവമ്പ്രം ടെക്നിക്കൽ ഹൈസ്കൂളിനെ ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂളായി ഉയർത്തുന്നതിനായി സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ 25 ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂളുകൾ ഉണ്ട്:

1. കുടപ്പനക്കുന്ന്, തിരുവനന്തപുരം
2. ആറ്റിങ്ങൽ, തിരുവനന്തപുരം
3. ചടയമംഗലം, കൊല്ലം
4. അടൂർ, പത്തനംതിട്ട
5. കലഞ്ഞൂർ, പത്തനംതിട്ട
6. മല്ലപ്പള്ളി, പത്തനംതിട്ട
7. പീരുമേട്, ഇടുക്കി
8. തൊടുപുഴ, ഇടുക്കി
9. പുതുപ്പള്ളി, കോട്ടയം
10. ചേർത്തല, ആലപ്പുഴ
11. പെരിശ്ശേരി, ആലപ്പുഴ
12. കലൂർ, എറണാകുളം
13. ആലുവ, എറണാകുളം
14. ചെങ്ങമനാട്, എറണാകുളം
15. ചേറ്റുവ, തൃശ്ശൂർ
16. വടിയം, തൃശ്ശൂർ
17. അയിലൂർ, പാലക്കാട്
18. വട്ടംകുളം, മലപ്പുറം
19. വാഴക്കാട്, മലപ്പുറം
20. മുതുവല്ലൂർ, മലപ്പുറം
21. ആറൻമുള, ആലപ്പുഴ
22. പെരിന്തൽമണ്ണ, മലപ്പുറം
23. കൊടുവള്ളി, കോഴിക്കോട്
24. താമരശ്ശേരി, കോഴിക്കോട്
25. ചീമേനി, കാസർകോട്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ കീഴിൽ ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂളുകൾ ഇല്ല.

(ബി) ഇതു സംബന്ധിച്ച നിവേദനം പയ്യന്നൂർ നിയോജകമണ്ഡലം എം. എൽ. എ. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ സമർപ്പിച്ചിരുന്നു.

(സി) ടെക്നിക്കൽ ഹൈസ്ക്കൂളിനെ ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂളായി ഉയർത്തുമ്പോൾ സർക്കാരിന് കടുത്ത സാമ്പത്തിക ബാധ്യത വരുന്നതിനാൽ പ്രസ്തുത നിർദ്ദേശം സർക്കാർ പരിഗണിക്കുകയുണ്ടായില്ല.

LIBRARY ARCHIVES Kerala Legislative Assembly